**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2200** **06-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വില നിയന്ത്രണ അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിത വില ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഹോട്ടലുകളിലെ ഭക്ഷണ പാനീയങ്ങളുടെ വില നിശ്ചയിക്കുന്നതിന് സംസ്ഥാന വില നിയന്ത്രണ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നിയമനിർമ്മാണം നടത്താൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഹോട്ടലുകളുടെ നിലവാരമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹോട്ടലുടമകൾക്ക് ആയതിനാലും വില നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാലും ഹോട്ടൽ ഭക്ഷണത്തിന്റെ വില നിശ്ചയിക്കാൻ സർക്കാരിന് അധികാരമില്ല. എന്നാൽ ഹോട്ടലുകൾ ഭക്ഷണവില പ്രദർശിപ്പിക്കുന്നുണ്ടെന്നും അതിൽ കൂടുതൽ ഈടാക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. 20രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന സർക്കാർ നിയന്ത്രണത്തിലുള്ള 'സുഭിക്ഷ ഹോട്ടലുകൾ' വ്യാപകമാക്കാനുള്ള നടപടി കൈക്കൊള്ളുന്നുണ്ട്. കൂടാതെ ഹോട്ടൽ ഭക്ഷണവില ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മിതമായ വിലയ്ക്ക് പ്രഭാത ഭക്ഷണം, രാത്രി ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങൾ കേന്ദ്രമാക്കി സഞ്ചരിക്കുന്ന സുഭിക്ഷ ഹോട്ടലുകൾ നടപ്പിൽ വരുത്തുന്നതിനും ആലോചനയുണ്ട്. ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇതിനുള്ള സാധ്യത അതിന്റെ പ്രായോഗികവും നിയമപരവുമായ വശങ്ങൾ കൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ